**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2262** **12-02-2024 - ൽ മറുപടിയ്ക്ക്**

**പി.ജി. മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഒ.പി. വിഭാഗത്തിൽ കൂടുതൽ പി.ജി. മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ; | (എ) | ഡിസ്ട്രിക്റ്റ് റസിഡൻസി പ്രോഗ്രാമിന്റെ(DRP) ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ, സ്വകാര്യ / സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ നിന്നുമുള്ള രണ്ടാം വർഷ പി.ജി (മെഡിക്കൽ) വിദ്യാർത്ഥികളെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ജില്ലാ, താലൂക്ക് ആശുപത്രികളിൽ 3 മാസം വീതമുള്ള കാലയളവിലേയ്ക്ക് പോസ്റ്റിംഗിന് നിയോഗിച്ച് വരുന്നുണ്ട്. നിലവിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പി.ജി വിദ്യാർത്ഥികൾക്കുള്ള താമസ സൗകര്യം അപര്യാപ്തമാണ്. മതിയായ താമസ സൗകര്യം കിട്ടുന്ന മുറയ്ക്ക് കൂടുതൽ പി.ജി മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനം ലഭ്യമാക്കുന്നത് പരിഗണിക്കാവുന്നതാണ്. |
| (ബി) | നിലവിൽ എത്ര പി.ജി മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനമാണ് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ലഭ്യമാക്കുന്നത് എന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ 9 പിജി മെഡിക്കൽ വിദ്യാർത്ഥികളുടെ സേവനമാണ്  നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ലഭ്യമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ